Deivarajyam April 2019
●R.N.7623/63
Registered No. KL/ALY/0020/2017-2019 ●R.N. 7623/1963
Date of publication: 1/4/2019
●Posted at Thodupuzha Stg.
Annual Subscription ₹ 100.00



St. Mark



St. George



St. Catherine

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

2019 വാല്യം 58 ലക്കം 4

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ















# ആദരാഞ്ജലികൾ

**റവ. ഫാ. ജോസഫ്
പുന്നയ്ക്കപടവിൽ**



ജനനം : 26.02.1931
ഇടവക : കല്ലാനിക്കൽ
തിരുപ്പട്ടം : 23.11.1958
മരണം : 17.03.2019
മൃതസംസ്കാരം : 19.03.2019



നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന
അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിനും
അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിനും
രൂപതാ കുടുംബത്തിന്റെ

**തിരുനാൾ ആശംസകൾ**




കോതമംഗലം രൂപത ക്ഷീരകർഷക പ്രസ്ഥാനമായ ജീവ മിൽക്ക് പുറത്തിറക്കുന്ന ഏറ്റവും പുതിയ ഉല്പന്നമായ ജീവ ചായ സ്പെഷ്യൽ (1 ലിറ്റർ) പായ്ക്കറ്റിന്റെ ഉദ്ഘാടനം 09.03.2019 ന് ജീവ മിൽക്ക് അങ്കണത്തിൽ വച്ച് കോതമംഗലം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കത്തിൽ പിതാവ് രൂപത വികാരി ജനറാൾ മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ അച്ചന് നൽകി നിർവ്വഹിക്കുന്നു.




കോതമംഗലം രൂപത ക്ഷീരകർഷക പ്രസ്ഥാനമായ ജീവ മിൽക്ക് ഏർപ്പെടുത്തിയിരിക്കുന്ന സ്കോളർഷിപ്പിന്റെ വിതരണോദ്ഘാടനം 09.03.2019 ന് ജീവ മിൽക്ക് അങ്കണത്തിൽ വച്ച് കോതമംഗലം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നിർവ്വഹിക്കുന്നു.

# ദൈവരാജ്യം





*Patron*
**Mar George Madathikandathil**
Bishop of Kothamangalam

*Editor*
**Rev. Fr. Jose Pulloppillil**

*Printer & Publisher*
**Rev. Dr. George Thekkekara**

വാല്യം 58
ഏപ്രിൽ 2019
ലക്കം 4



The Eparchial Curia
Bishop's House, P.B. No. 6
Kothamangalam - 686 691
Mob: 8281946306
bishophouseklm@gmail.com


## ഉള്ളടക്കം


7 വിശുദ്ധവാര സന്ദേശം
11 കെസിബിസി സർക്കുലർ
16 മെയ്ദിന സന്ദേശം
23 രൂപതക്കച്ചേരി
29 മൈനർ സെമിനാരി
29 വിജ്ഞാനഭവൻ
32 വിദ്യാഭ്യാസം
32 സോഷ്യൽ സർവീസ്
34 ചെറുപുഷ്പ മിഷൻലീഗ്
37 കെ. സി. എസ്. എൽ.
37 ഫാമിലി അപ്പോസ്റ്റലേറ്റ്
41 DCMS
42 ഡി. എഫ്. സി.
44 യുവദീപ്തി
44 ജീസസ് യൂത്ത്
45 മദ്യവിരുദ്ധ സമിതി
45 എ. കെ. സി. സി.
47 അല്മായഫ്രാൻസിസ്കൻ സഭ
47 പ്രാർത്ഥനാഗ്രൂപ്പ്
48 കേരള ലേബർ മൂവ്മെന്റ്
49 നെസ്റ്റ് പ്രോഗ്രാം
49 തിരുനാൾ മംഗളങ്ങൾ
50 വാർത്തയും വിശേഷങ്ങളും
51 രൂപതാദ്ധ്യക്ഷന്റെ ഡയറി
54 Bishop's Engagements
55 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
55 നിര്യാതരായി




## പള്ളിയിൽ അറിയിക്കുവാൻ

### ഏപ്രിൽ


| | Page |
|---|---|
| രൂപതാ പ്രാർത്ഥനാദിനം | 23 |
| Care A Family Benefactors' Meet | 24 |
| ജൂബിലി സ്മാരക സ്കോളർഷിപ്പ് | 28 |
| വേദപാഠ പരീക്ഷ | 30 |
| വിശ്വാസോത്സവം | 31 |
| ജൂബിലി ദമ്പതീ ധ്യാനം | 38 |


## തിരുനാളുകൾ




14 ഓശാന ഞായർ



21 ഉയിർപ്പു തിരുനാൾ



18 പെസഹാ വ്യാഴം



24 വി. ഗീവർഗീസ്



19 പീഡാനുഭവ വെള്ളി



25 വി. മർക്കോസ്



20 വലിയ ശനി



29 സിയന്നായിലെ വി. കാതറിൻ

# വിശുദ്ധവാര സന്ദേശം

ദൈവകൃപയാൽ കോതമംഗലം രൂപതയുടെ മെത്രാനായ
മാർ ജോർജ് മഠത്തിക്കണ്ടത്തിൽ നമ്മുടെ രൂപതയിലെ വൈദിക
സഹോദരന്മാർക്കും, സന്യാസിനീ-സന്യാസികൾക്കും
അല്മായ സഹോദരങ്ങൾക്കും എഴുതുന്നത്.

വന്ദ്യ സഹോദരരേ, പ്രിയ മക്കളേ,

നോമ്പിന്റെ ആറ് ആഴ്ചകൾക്കുശേഷം തീക്ഷ്ണമായ ദൈവാനുഭവത്തിലൂടെ മനഃശുദ്ധി നേടുന്ന 'വിശുദ്ധവാരം' ആഗതമാവുകയാണ്. വിഭൂതി തിരുനാളിൽ തുടക്കം കുറിച്ച ഉപവാസത്തിന്റെയും, പ്രായശ്ചിത്തത്തിന്റെയും, പ്രാർത്ഥനയുടെയും, ത്യാഗപൂർണ്ണമായ ജീവിതത്തിന്റെയും പരിസമാപ്തിയാണ് ഈ വിശുദ്ധവാര ആചരണം. ദൈവം മനുഷ്യനുവേണ്ടി ചെയ്ത വലിയ കാര്യങ്ങൾ അനുസ്മരിക്കുന്ന ഒരു ആഴ്ച കൂടിയാണിത്. ദൈവപുത്രന്റെ രാജകീയമായ ജറുസലേം പ്രവേശനത്തിന്റെ, വി. കുർബാന സ്ഥാപനത്തിന്റെ, ശിഷ്യന്മാരുടെ പാദം കഴുകി വിനയത്തിന്റെ മാതൃക നൽകിയതിന്റെ, കുരിശിലെ ആത്മയാഗത്തിന്റെ, പാപത്തെയും മരണത്തെയും തോല്പിച്ച തിരുവുത്ഥാനത്തിന്റെ, അങ്ങനെ ദൈവം ചെയ്ത 'വലിയ കാര്യങ്ങളുടെ' അനുസ്മരണമാണ് ഈ 'വലിയ' ആഴ്ചയിൽ നടത്തുന്നത്. കല്പന ലംഘിച്ച് ദൈവത്തിൽനിന്ന് അകന്നുപോയ മനുഷ്യകുലത്തെ അനുരഞ്ജിപ്പിക്കാൻ ദൈവപുത്രനായ യേശു ചെയ്ത 'വലിയകാര്യങ്ങൾ' ഓർമ്മിക്കുന്ന 'വലിയ ആഴ്ച.'

വിനയാന്വിതനായി കഴുതയുടെയും കഴുതക്കുട്ടിയുടെയും പുറത്ത് എഴുന്നള്ളി വരുന്ന (മത്താ. 21, 5) ഈശോയുടെ ജറുസലേം പ്രവേശനത്തോടെയാണല്ലോ വിശുദ്ധവാരം ആരംഭിക്കുന്നത്. ഓശാനയുടെ അർത്ഥതലങ്ങളെക്കുറിച്ച് ബനഡിക്ട് 16-ാമൻ മാർപാപ്പ 'നസ്രത്തിലെ യേശു' എന്ന തന്റെ ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതി: 118-ാം സങ്കീർത്തനത്തിലെ പ്രാർത്ഥനകളുടെ പൂർത്തീകരണമാണ് ഓശാന ഞായറിൽ സംഭവിച്ചത്. "നീതിയുടെ കവാടങ്ങൾ എനിക്കായി തുറന്നുതരിക, ഞാൻ അവയിലൂടെ പ്രവേശിച്ച് കർത്താവിന് നന്ദി പറയട്ടെ" (സങ്കീ. 118, 19). "മരച്ചില്ലകളേന്തി പ്രദക്ഷിണം തുടങ്ങുവിൻ, ബലിപീഠത്തിലേക്കു നീങ്ങുവിൻ" (സങ്കീ. 118, 27). ജറുസലേം നിവാസികളെപ്പോലെ നാമും ദൈവപുത്രനെ രക്ഷകനായി വരവേല്ക്കുകയാണ് ഈ ഓശാന ആചരണത്തിലൂടെ.





ഓശാനയുടെ വിജയാരവങ്ങൾ കെട്ടടങ്ങുന്നതിന് മുമ്പു തന്നെ കർത്താവ് നടന്നു നീങ്ങുന്നത് കുരിശിന്റെ വഴിയിലേക്കാണ്. ആ വഴിയിലേക്കുള്ള ഒരുക്കം ആരംഭിക്കുന്നതാകട്ടെ അവിടുത്തെ പെസഹാ ആചരണത്തിലും, അന്ത്യഅത്താഴത്തിലും. അന്ത്യഅത്താഴത്തിന്റെ പശ്ചാത്തലത്തിൽ യേശു ശിഷ്യന്മാർക്കായി ഒരു പുതിയ പെസഹാ ഒരുക്കുകയാണ്. ഈ ലോകത്തിൽ നിന്ന് പിതാവിന്റെ പക്കലേക്കുള്ള തന്റെ കടന്നുപോകലിന്റെയും, തിന്മയുടെ അടിമത്തത്തിൽ നിന്ന് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കുള്ള നമ്മുടെ മോചനത്തിന്റെയും പെസഹാ. പെസഹാ വേളയിൽ ശിഷ്യന്മാർക്ക് പങ്കുവച്ചു നൽകിയ അപ്പവും വീഞ്ഞും, കാൽവരിയിൽ യേശു അർപ്പിച്ച പരമയാഗത്തിന്റെ മുന്നാസ്വാദനമായിരുന്നു. 'നമ്മുടെ പെസഹാക്കുഞ്ഞാടായ' (1 കോറി. 5, 7) യേശുവിന്റെ ശരീരരക്തങ്ങൾ, പാപമോചനത്തിലേക്ക് നമ്മെ നയിക്കുന്ന പുതിയ നിയമത്തിന്റെ പെസഹായായി. "നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രത്തിൽ നിന്ന് പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം കർത്താവിന്റെ മരണം അവന്റെ പ്രത്യാഗമനം വരെ പ്രഖ്യാപിക്കുകയാണ്" (1 കോറി. 11, 26).

വി. കുർബാനയിലൂടെ വിനയത്തിന്റെയും, സ്നേഹത്തിന്റെയും, കാരുണ്യത്തിന്റെയും ഒരു മാതൃക കൂടി കർത്താവ് പഠിപ്പിക്കുകയാണ്. ഒറ്റിക്കൊടുക്കുന്നവനെപ്പോലും തന്റെ പക്കലേക്ക് സ്വീകരിക്കാൻ മാത്രം തുറവിയുള്ള കർത്താവ് നമുക്ക് നൽകുന്ന സന്ദേശം ഒരു മനുഷ്യനെയും തള്ളിക്കളയാതെ സ്നേഹിക്കണം എന്നുള്ളതാണ്. കർത്താവീശോമിശിഹായുടെ വിശുദ്ധമായ അൾത്താരയിലേക്ക് എല്ലാവരേയും അവൻ സ്വീകരിക്കാൻ തയ്യാറാണ്. പക്ഷേ, കർത്താവിന്റെ പക്കലേക്ക് കടന്നുവരുവാനുള്ള മനോഭാവമുള്ളവനു മാത്രമേ ആ കൃപ ലഭിക്കുന്നുള്ളൂ. കർത്താവിനെ തള്ളിപ്പറയാൻ മാത്രം ബലഹീനനായി തീർന്ന പത്രോസിനുപോലും കർത്താവിന്റെ പക്കലേക്ക് തിരിച്ചുവരുവാൻ ബലം കിട്ടിയത് യേശുവിന്റെ കാരുണ്യം കൊണ്ടാണ്. ഓരോ പരി. കുർബാനയും പാപികളെ തന്റെ അടുക്കലേക്ക് ക്ഷണിക്കുന്ന കർത്താവിന്റെ സ്നേഹത്തിന്റെ പ്രകടനമാണ്. അതുകൊണ്ടുതന്നെ ഓരോ പെസഹാവ്യാഴവും നമുക്കു പകരുന്ന സന്ദേശം കർത്താവിന്റെ സ്നേഹത്തിന് അതിരുകളില്ല എന്നുള്ളതാണ്. ദൈവത്തിന്റെ അടുക്കലേക്ക് തിരികെ വരുന്നവനെ തന്റെ ശരീരവും രക്തവും നൽകി പരിപോഷിപ്പിക്കുവാൻ സന്നദ്ധനാണെന്ന തിരിച്ചറിവാണ് പെസഹാ വ്യാഴ്യാഴ്ച

ത്തെ, ദിവ്യകാരുണ്യ സ്ഥാപനത്തിന്റെ ഏറ്റവും വലിയ സന്ദേശം. പെസഹാ വ്യാഴ്യാഴ്ച പൗരോഹിത്യ സ്ഥാപനം കൂടി നാം അനുസ്മരിക്കുന്നുണ്ട്. ക്രിസ്തീയ ജീവിതത്തിന്റെ ഉറവിടവും കേന്ദ്ര ബിന്ദുവുമായ വി. കുർബാനയെ സ്നേഹിക്കാനും, നിത്യപുരോഹിതനായ ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുപറ്റുന്ന നമ്മുടെ വൈദികസഹോദരങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാനുള്ള ദിവസം കൂടിയാണ് പെസഹാവ്യാഴം.

ഈശോയുടെ കുരിശിലെ മരണം മനുഷ്യവംശത്തിന്റെ പാപപരിഹാരത്തിനും, രക്ഷയ്ക്കും വേണ്ടിയുള്ള ഒരു സ്നേഹബലിയായിരുന്നു. "മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കുവേണ്ടി മോചനദ്രവ്യമായി നല്കാനുമത്രേ" (മർക്കോ. 10, 45). പിതാവിന്റെ ഹിതത്തിന് പൂർണ്ണമായി വിധേയപ്പെട്ട് മനുഷ്യരക്ഷയ്ക്കുവേണ്ടി ഈശോ സ്വയം ബലിയർപ്പിച്ചു. ദൈവത്തിന് നമ്മോടുള്ള സ്നേഹം പ്രകടമാക്കാനാണ് മിശിഹാ നമുക്കുവേണ്ടി മരിച്ചത് (റോമ 5, 8).

ഓരോ ദുഃഖവെള്ളിയും ഈശോയുടെ സഹനത്തിൽ പങ്കുചേരാനുള്ള വിളിയാണ്. "സ്വയം പരിത്യജിച്ച് സ്വന്തം കുരിശുമെടുത്ത് എന്നെ അനുഗമിക്കുക" (മത്താ. 16, 24) എന്നാണല്ലോ അവിടന്ന് നമ്മെ ആഹ്വാനം ചെയ്യുന്നത്. ഈശോയുടെ അനുയായികളായ നമുക്ക് 'കുരിശിന്റെ വഴിയിൽ' നിന്ന് ഒളിച്ചോട്ടമില്ല. ജീവിതത്തിൽ ഒട്ടേറെ വേദന അനുഭവിക്കുന്നവരാണ് നാമോരോരുത്തരും. കർത്താവിനെപ്പോലെ നാമും നമ്മുടേതായ ഗത്സെമനിയിലൂടെയും, കാൽവരിയിലൂടെയും കടന്നുപോകുന്ന അനേകം നിമിഷങ്ങളുണ്ട്. സഹതപിക്കാനോ, ആശ്വസിപ്പിക്കാനോ ആരുമില്ലാതെ ദുഃഖം നിറഞ്ഞ മനസ്സുമായി ജീവിതയാത്ര മുന്നോട്ടുനീങ്ങുമ്പോൾ കാൽവരിയിലെ കുരിശ് രക്ഷയുടെ അടയാളമായി നമ്മുടെ മുൻപിൽ നിൽക്കുന്നു. അങ്ങനെ നമ്മുടെ ആകുലതകളിലും, ദുഃഖങ്ങളിലും, പരാജയങ്ങളിലും, രോഗങ്ങളിലും, തകർച്ചകളിലും രക്ഷകന്റെ പീഡാനുഭവത്തോട് ചേർന്നുനിന്ന് ദൈവസ്നേഹത്തിൽ വളരാൻ ഈ ദുഃഖവെള്ളി നമ്മെ പ്രാപ്തരാക്കട്ടെ.

കുരിശിലെ അവസാനരംഗങ്ങളുടെ വേദന നിറഞ്ഞ ഓർമ്മകളുമായി സാബത്ത് കഴിഞ്ഞ ഉടൻ ഈശോയുടെ കല്ലറയിൽ സുഗന്ധദ്രവ്യങ്ങൾ അർപ്പിക്കാനെത്തിയ മഗ്ദലേന മറിയവും കൂടെയുണ്ടായിരുന്നവരും ശ്രവിച്ച സന്ദേശമിതായിരുന്നു: "അവൻ ഉയിർപ്പിക്കപ്പെട്ടിരി





ക്കുന്നു, അവൻ ഇവിടെ ഇല്ല ...... അവൻ നിങ്ങൾക്കു മുൻപേ ഗലീലിയിലേയ്ക്ക് പോകുന്നു" (മർക്കോ. 16, 6-7). കുരിശുമരണംവഴി ലോകത്തോട് വിടപറഞ്ഞ യേശുവിനെത്തേടി കല്ലറയിൽ കാത്തിരിക്കേണ്ട ആവശ്യമില്ല. മരണത്തെ മറികടക്കുന്ന ജീവന്റെ വിജയമായ ഉത്ഥാനത്തിലേക്കാണ് നാം നടന്നടുക്കേണ്ടത്. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനമാണിത്. "ക്രിസ്തു ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്, നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കോറി. 15, 14).

പാപത്തിന്റെയും മരണത്തിന്റെയും മേലുള്ള സമ്പൂർണ്ണ വിജയമാണ് ഈശോയുടെ ഉയിർപ്പിൽ നാം ദർശിക്കുന്നത്. പാപത്തിനു മരിച്ച് നാം പുതിയ സൃഷ്ടിയായി മാറുക എന്നതാണ് ഉയിർപ്പുതിരുനാൾ നമുക്ക് പകർന്നു നൽകുന്ന സന്ദേശം. ക്രിസ്തുവിലുള്ള പുതുജീവിതത്തെക്കുറിച്ച് റോമാക്കാർക്കുള്ള ലേഖനം 6-ാം അദ്ധ്യായത്തിൽ പൗലോസ് ശ്ലീഹാ ഇപ്രകാരം പറയുന്നു: 'യേശുവിൽ സ്നാനം സ്വീകരിച്ച നാം അവനോടൊത്ത് സംസ്കരിക്കപ്പെട്ടു. യേശുവിന്റെ മരണത്തിൽ നാം അവിടത്തോട് ഐക്യപ്പെട്ടുവെങ്കിൽ പുനരുത്ഥാനത്തിലും നാം അവനോട് ഐക്യപ്പെടും. നമ്മിലെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു.' യേശുവിന്റെ ഉത്ഥാനത്തിൽ പങ്കുചേരുന്ന നമ്മൾ സമ്പൂർണ്ണമായൊരു പുതുജീവിതം നയിക്കണമെന്നാണ് പൗലോസ് ശ്ലീഹ ഇതിലൂടെ അർത്ഥമാക്കുന്നത്. ഉത്ഥിതനായ മിശിഹായെ കണ്ടുമുട്ടിയ ഓരോരുത്തരും പുതിയ വ്യക്തികളായി തീർന്നു. മഗ്ദലേനക്കാരി മറിയവും അപ്പസ്തോലന്മാരും ഇതി ന്റെ മകുടോദാഹരണങ്ങളാണ്. നമ്മുടെ ജീവിതത്തിലും ഉത്ഥിതനെ കണ്ടുമുട്ടുകയും തിരിച്ചറിയുകയും ചെയ്യുക എന്നുള്ളത് ഒരു വെല്ലുവിളിയാണ്. ബനഡിക്ട് പതിനാറാമൻ മാർപാപ്പ ആഹ്വാനം ചെയ്യു ന്നതുപോലെ, "ക്രൈസ്തവജീവിതം സാരാംശപരമായി, തന്നെ അനുഗമിക്കുവാൻ നമ്മെ വിളിക്കുന്ന, യേശുക്രിസ്തുവുമായുള്ള കണ്ടുമുട്ടൽ കൊണ്ട് മുദ്രിതമാണ്" (കർത്താവിന്റെ വചനം, No. 42). മരണ ത്തെ പരാജയപ്പെടുത്തി ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ മനുഷ്യഹൃദയങ്ങളിൽ ദർശിക്കുവാൻ ഉയിർപ്പുതിരുനാൾ നമ്മെ സഹായിക്കട്ടെ.

ഉത്ഥിതനായ മിശിഹാ ശിഷ്യന്മാരെ ഭരമേല്പിക്കുന്ന ദൗത്യം 'നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുക' (മർക്കോ. 16, 15) എന്നതാണ്. ഈ ദൗത്യമേറ്റെടുത്ത് ഈശോയോടൊപ്പം യാത്ര

ചെയ്യുന്നവർക്ക് ലഭിക്കുന്നത് യഥാർത്ഥമായ സന്തോഷവും സമാധാനവുമാണെന്ന് അവിടുന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു. ഈശോയുടെ സഹന മരണ ഉത്ഥാനത്തിൽ പങ്കുകാരാകുന്നവർക്കു മാത്രമേ ഈശോയ്ക്ക് സാക്ഷികളായി ജീവിക്കുവാൻ സാധിക്കുകയുള്ളൂ. നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും സമാധാനവും ശാന്തിയും നിറച്ചുകൊണ്ട് ഉത്ഥാനത്തിന്റെ യഥാർത്ഥ സന്ദേശം പകർന്നുകൊടുക്കുന്ന വിശ്വാസ പ്രഘോഷകരായി നമുക്ക് മുന്നേറാം. വിശുദ്ധവാരത്തിന്റെയും പ്രത്യേകമായി ഉയിർപ്പുതിരുനാളിന്റെയും മംഗളങ്ങൾ ആശംസിക്കുന്നു.

ഉത്ഥാനം ചെയ്ത മിശിഹാ നൽകുന്ന പുതുജീവനും പ്രത്യാശയും എല്ലാവർക്കും നേർന്നുകൊണ്ട് ✠പിതാവിന്റെയും ✠ പുത്രന്റെയും ✠പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളോരോരുത്തരെയും ഞാൻ ഹൃദയപൂർവ്വം ആശീർവദിക്കുന്നു.

31-03-2019 **മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**

കോതമംഗലം മെത്രാൻ

NB: 2019 ഏപ്രിൽ 7-ാം തീയതി ഈ ഇടയലേഖനം എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

Ref: 3183/K-5/KCBC/OL/DS 26.3.2019

## 17-ാം ലോകസഭാ പൊതുതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

പ്രിയ സഹോദരീസഹോദരന്മാരേ,

2019 ഏപ്രിൽ11 മുതൽ മെയ് 19 വരെ ഏഴുഘട്ടങ്ങളായി നടക്കുന്ന 17-ാം ലോകസഭാ തിരഞ്ഞെടുപ്പ് ഭാരതത്തെ സംബന്ധിച്ച് സുപ്രധാനവും നിർണായകവുമാണ്.

രാജ്യത്തിന്റെ ജനാധിപത്യ മനസ്സ് വ്യക്തമായി പ്രകടമാക്കുന്നതിനുള്ള അവസരമാണ് പൊതുതിരഞ്ഞെടുപ്പുകൾ. ഭാരതത്തിന്റെ ഭരണഘടന വിഭാവനചെയ്യുന്ന മഹത്തായ ലക്ഷ്യങ്ങളിലേക്കും മൂല്യങ്ങളിലേക്കും രാജ്യത്തെ നയിക്കുന്നതിൽ തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾ സുപ്രധാനമായ പങ്കുവഹിക്കുന്നു. സ്വഭാവമഹിമയും സാമൂഹ്യ പ്രതിബദ്ധതയും ഭരണഘടനയോടും ഭരണഘടനാസ്ഥാപനങ്ങളോടും ആദരവുമുള്ള നേതാക്കൾ ഭരണത്തിന്റെ തലപ്പത്തു വരേണ്ടത് രാജ്യത്തിന്റെ





ഭാവിക്കും എല്ലാ വിഭാഗം ജനങ്ങളുടെയും ക്ഷേമത്തിനും അത്യന്താപേക്ഷിതമാണ്. ജനാധിപത്യ പ്രക്രിയയിൽ രാഷ്ട്രീയപാർട്ടികൾക്കും പ്രത്യയശാസ്ത്രങ്ങൾക്കുമുള്ള പ്രാധാന്യവും വലുതാണ്. ഭരണഘടനയിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ലക്ഷ്യങ്ങളുമായി ഒത്തുപോകുന്ന പ്രത്യയശാസ്ത്ര നിലപാടുകളാണ് രാഷ്ട്രീയ പാർട്ടികളെ പ്രസക്തമാക്കുന്നത്. അക്രമരഹിതവും സമാധാനപൂർണവുമായ ജനജീവിതം ഉറപ്പുവരുത്താൻ രാഷ്ട്രീയ പാർട്ടികൾക്കു ചുമതലയുണ്ട്.

കത്തോലിക്കാസഭയ്ക്ക് ഏതെങ്കിലും ഒരു പ്രത്യേക മുന്നണിയുമായോ രാഷ്ട്രീയ പാർട്ടിയുമായോ സ്ഥാനാർത്ഥിയുമായോ സവിശേഷബന്ധമോ പ്രത്യയശാസ്ത്ര ആഭിമുഖ്യമോ ഇല്ല. സഭാംഗങ്ങളുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിൽ സഭ ഇടപെടാറുമില്ല. എന്നാൽ ജനാധിപത്യവും മതേതരത്വവും ഉൾപ്പെടെയുള്ള ഭരണഘടനാമൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിനും രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും സമഗ്രപുരോഗതിയും ഉറപ്പുവരുത്തുന്നതിനും അതിനു കഴിവുള്ള ജനപ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിനും കത്തോലിക്കാസഭ പ്രതിജ്ഞാബദ്ധമാണ്. ദരിദ്രരോടും പാർശ്വവത്കരിക്കപ്പെട്ടവരോടുമുള്ള പ്രത്യേക പരിഗണനയും കരുതലും സഭയുടെ നയവും നിലപാടുമാണ്.

വൈവിധ്യമാർന്ന ജനസമൂഹങ്ങളും സാംസ്കാരിക പൈതൃകങ്ങളും ഭാഷകളുമുള്ള ഭാരതം ഒരു രാജ്യവും ഒറ്റ ജനതയുമായി മുന്നേറുന്നതിൽ ഭരണഘടനാധിഷ്ഠിതമായ ജനാധിപത്യസംവിധാനം മുഖ്യപങ്കുവഹിക്കുന്നു. ലോകരാജ്യങ്ങൾക്കിടയിൽ ഭാരതത്തിന് അഭിമാനാർഹമായ സ്ഥാനം നേടിത്തരുന്നതും ഈ ജനാധിപത്യ സംവിധാനംതന്നെയാണ്. കൃത്യസമയത്തു നടക്കുന്ന തിരഞ്ഞെടുപ്പുകൾ ഈ ജനാധിപത്യ സംവിധാനത്തിന്റെ അടിസ്ഥാനശിലകളാണ്. എല്ലാ പൗരന്മാർക്കും തുല്യാന്തസ്സും പൗരാവകാശങ്ങളും ഉറപ്പുവരുത്തുന്ന ഭരണഘടന, ഒരാൾക്ക് ഒരു വോട്ട് എന്ന രീതിയിൽ പ്രായപൂർത്തി വോട്ടവകാശം ഏർപ്പെടുത്തിക്കൊണ്ട്, ഭരണഘടനയെയും ജനാധിപത്യത്തെയും സംരക്ഷിക്കാനും ശക്തിപ്പെടുത്താനുമുള്ള ഉത്തരവാദിത്വം ഓരോ പൗരനും നല്കിയിരിക്കുന്നു. ഈ ഉത്തരവാദിത്വ നിർവഹണത്തിൽ വീഴ്ചവരുത്താതെ, രാജ്യത്തിന്റെ ഭരണാധികാരികളെ തിരഞ്ഞെടുക്കാൻ ഓരോ പൗരനും കടമയുണ്ട്. തിരുസഭാംഗങ്ങളായ വോട്ടർമാർ തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ഈ കർത്തവ്യം ഉത്തരവാദിത്വത്തോടെയും വിവേ

കപൂർവവും നിർവഹിക്കണം.

ലോകത്തിലെ പല ജനാധിപത്യ രാജ്യങ്ങളും സമഗ്രാധിപത്യത്തിന്റെയും ഏകാധിപത്യത്തിന്റെയും പാതയിലേക്കുള്ള പ്രവണത കാട്ടുമ്പോഴും ഇന്ത്യ ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും പാതയിൽ മുന്നേറുന്നു എന്നത് ഓരോ ഇന്ത്യൻ പൗരനെയും അഭിമാനപുളകിതനാക്കും. ഈ പാതയിൽ നിന്ന് ഇന്ത്യയെ വ്യതിചലിപ്പിക്കുന്ന രാഷ്ട്രീയ നിലപാടുകൾ ഒരു കാരണവശാലും പിന്തുണ അർഹിക്കുന്നില്ല. ഭരണഘടനയുടെ അടിസ്ഥാനശിലകളെ ഇളക്കുന്ന പ്രത്യയശാസ്ത്രങ്ങളെയും രാഷ്ട്രീയ നിലപാടുകളെയും പ്രോത്സാഹിപ്പിക്കുന്ന വ്യക്തികളും രാഷ്ട്രീയ പാർട്ടികളും അധികാരത്തിൽ വരുന്നത് രാജ്യത്തിന് ആപത്തുണ്ടാക്കും. വിവിധ ഭരണഘടനാസ്ഥാപനങ്ങളുടെ സ്വതന്ത്രവും നിഷ്പക്ഷവുമായ പ്രവർത്തനം ഉറപ്പുവരുത്തേണ്ടത് ജനാധിപത്യമൂല്യങ്ങളുടെയും ഭരണഘടനയുടെയും സംരക്ഷണത്തിന് അനിവാര്യമാണ്.

ആഗോളവത്കരണത്തിന്റെ പശ്ചാത്തലത്തിൽ ലോകം വലിയ സാമ്പത്തിക ഉച്ചനീചത്വങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുകയാണ്. കോർപറേറ്റു ശക്തികൾ സാധാരണക്കാരെ ചൂഷണംചെയ്തു തടിച്ചുകൊഴുക്കുകയും ദരിദ്രർ കൂടുതൽ ദരിദ്രരാവുകയും ചെയ്യുന്നു. സമ്പന്നരെ മാത്രമല്ല സാധാരണക്കാരെയും കർഷകരെയും ആദിവാസികളെയും ദളിത് ജനവിഭാഗങ്ങളെയും കരുതുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന നയപരിപാടികൾ ഭരണകൂടം പിൻതുടരണമെന്നാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. ദരിദ്ര ജനവിഭാഗങ്ങളുടെ പരാധീനതകൾ മനസ്സിലാക്കി സാമ്പത്തിക നയരൂപീകരണം നടത്തുകയും, രാജ്യം ഒരു സാമ്പത്തിക ശക്തിയായി വളരുന്നതോടൊപ്പം ഓരോ ഇന്ത്യക്കാരനും സാമ്പത്തിക സാമൂഹ്യരംഗങ്ങളിൽ വികസനത്തിന്റെ പ്രയോജനം ഉറപ്പുവരുത്തുകയും ചെയ്യുന്ന ഒരു ഇന്ത്യ വിഭാവനം ചെയ്യുന്നവരെയാണ് തിരഞ്ഞെടുക്കേണ്ടത്. പരിസ്ഥിതിയെയും പാവപ്പെട്ടവരെയും പരിഗണിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതാവണം സർക്കാരിന്റെ വികസനനയം.

മനസ്സാക്ഷി സ്വാതന്ത്ര്യവും മതബോധവും മനുഷ്യന്റെ സാംസ്കാരിക വളർച്ചയിൽ മുഖ്യപങ്കാണു വഹിക്കുന്നത്. ഇന്ത്യയുടെ ഭരണഘടന ഉറപ്പു നല്കുന്ന മതസ്വാതന്ത്ര്യം സംരക്ഷിക്കപ്പെടുകയും, മനസ്സാക്ഷി





യുടെ സ്വരത്തിനനുസരിച്ച് ജീവിതം ക്രമപ്പെടുത്തുന്നതിന് വ്യക്തികൾക്കും മതസമൂഹങ്ങൾക്കും സ്വാതന്ത്ര്യം ഉറപ്പുവരുത്തുകയും ചെയ്യണം. ഏതെങ്കിലും ഒരു മതത്തോടു പ്രത്യേക മമതയോ ഏതെങ്കിലും മതത്തിനെതിരേ വിവേചനമോ പുലർത്താതിരിക്കുകയും നിയമപരമായി എല്ലാവർക്കും തുല്യപരിഗണനന ഉറപ്പുവരുത്തുകയും ചെയ്യുന്ന മതേതര സങ്കല്പമാണ് ഭാരതം ഉയർത്തിപ്പിടിക്കുന്നത്. മതത്തിന്റെ പേരിൽ ഉയർന്നുവരുന്ന എല്ലാ തീവ്രവാദ ഭീകരവാദ നിലപാടുകളെയും വിട്ടുവീഴ്ചയില്ലാതെ ചെറുത്തുതോല്പിക്കുന്നതോടൊപ്പം, എല്ലാ മത-സാംസ്കാരികധാരകളെയും രാഷ്ട്രപുരോഗതിക്കായി ചേർത്തുനിറുത്തുന്ന രാഷ്ട്രീയ നേതൃത്വമാണ് ഉണ്ടാകേണ്ടത്.

മതത്തിന്റെയോ ഭാഷയുടെയോ ജാതിയുടെയോ സമുദായത്തിന്റെയോ സമ്പത്തിന്റെയോ ഭക്ഷണരീതിയുടെയോ പേരിൽ സാമൂഹ്യവിവേചനത്തിനോ ശാരീരിക ആക്രമണത്തിനോ ഒരാളും ഇരയാകേണ്ടി വരരുത്. അക്രമ രാഷ്ട്രീയത്തിനു മുതിരുന്നത് ജനാധിപത്യസംസ്കാരത്തിൽ പതംവരാത്ത മനസ്സുകളാണ്. മനുഷ്യജീവന്റെ മൂല്യവും മഹത്ത്വവും ഉയർത്തിപ്പിടിക്കുന്നവരും ജനാധിപത്യ മര്യാദകളെ മാനിക്കുന്നവരുമാകണം ജനപ്രതിനിധികൾ. ചരിത്രത്തെ മുന്നോട്ടു നയിക്കുന്നത് സാമ്പത്തികഘടകങ്ങൾ മാത്രമല്ല, മാനവിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുള്ള സാംസ്കാരിക ഇടപെടലുകളും രാഷ്ട്രീയ നിലപാടുകളും തീരുമാനങ്ങളും നടപടികളുമാണ്. അഴിമതിക്കും അക്രമത്തിനും സ്വജനപക്ഷപാതത്തിനും കൂട്ടുനില്ക്കാത്ത നേതാക്കൾ തിരഞ്ഞെടുക്കപ്പെടണം.

ഭാരതപൗരൻ എന്ന നിലയിൽ ഒരു വ്യക്തിക്കു കിട്ടേണ്ട ഭരണഘടനാപരമായ തുല്യതയും പരിഗണനയും ന്യൂനപക്ഷങ്ങൾക്ക് ആസൂത്രിതമായി നിഷേധിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകരുത്. ഇന്ത്യയിൽ ദളിത് ക്രൈസ്തവർ ഇത്തരത്തിലുള്ള വിവേചനം അനുഭവിച്ചുവരുന്നു എന്നത് നിർഭാഗ്യകരമാണ്. ഇത്തരം വിവേചനങ്ങൾക്കെതിരേ നിലപാടെടുക്കാൻ കഴിയുന്ന രാഷ്ട്രീയപാർട്ടികളും വ്യക്തികളും അധികാരത്തിൽ വരേണ്ടത് നീതി നിഷേധിക്കപ്പെടുന്ന എല്ലാ ജനവിഭാഗങ്ങളുടെയും ആവശ്യമാണ്.

പാശ്ചാത്യ രാജ്യങ്ങളെ അന്ധമായി അനുകരിക്കുന്ന നിയമനിർമാണം ഭാരതത്തിന്റെ സംസ്കൃതിക്കും സാമൂഹികജീവിതത്തിനും ചേരുന്നതല്ല. സമൂഹത്തിന്റെ അടിസ്ഥാന യൂണിറ്റായ കുടുംബത്തിന്റെ ഭദ്ര

തയും സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണവും സുരക്ഷിതത്വവും ഭരണകർത്താക്കൾ കണക്കിലെടുക്കണം. കുടുംബത്തിനു ശൈഥില്യമുണ്ടാക്കുന്ന നിയമനിർമാണശ്രമങ്ങൾ സമൂഹത്തിന്റെ സുസ്ഥിതിയെയും കെട്ടുറപ്പിനെയും ദോഷകരമായി ബാധിക്കും. ഭരണഘടനാമൂല്യങ്ങളോടൊപ്പം ധാർമ്മിക മൂല്യങ്ങളും മതബോധവും സമൂഹത്തിന്റെ സാംസ്കാരിക വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. അത്തരം മൂല്യങ്ങൾ സംരക്ഷിക്കുന്നവരാണ് ഭരണനേതൃത്വത്തിൽ വരേണ്ടത്.

പൗരസമൂഹങ്ങൾ തമ്മിൽ പരസ്പര ബഹുമാനവും സ്നേഹവും ഐക്യവും വളർത്തുന്നതിൽ ഭരണനേതൃത്വത്തിനുള്ള പങ്ക് സുപ്രധാനമാണ്. വൈവിധ്യത്തെ മാനിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതിലാണ് ഇന്ത്യയുടെ സംസ്കൃതി കുടികൊള്ളുന്നത്. ഭാരതത്തിന്റെ സാംസ്കാരിക വൈവിധ്യത്തെ തകർക്കുന്നതോ ഏതെങ്കിലും ഒരു ഏകശിലാരൂപത്തിലേക്ക് ആവാഹിക്കാൻ ശ്രമിക്കുന്നതോ ആയ നീക്കങ്ങൾ ഭരണകൂടത്തിന്റെ ഭാഗത്തുനിന്നുണ്ടാകരുത്. അത് രാജ്യത്തിന്റെ അഖണ്ഡതയെയും നിലനില്പിനെത്തന്നെയും ദോഷകരമായി ബാധിക്കും. അതുകൊണ്ട് സംവാദത്തിന്റെയും സഹകരണത്തിന്റെയും പരസ്പര ശാക്തീകരണത്തിന്റെയും സമീപനം പുലർത്തുന്ന നേതാക്കളെയാണ് നമുക്കാവശ്യം.

തിരഞ്ഞെടുപ്പിന്റെ സമാധാനപൂർണമായ നടത്തിപ്പിനും രാജ്യത്തിന്റെ സുസ്ഥിതിക്കുമായി എല്ലാ വിശ്വാസികളും പ്രത്യേകം പ്രാർത്ഥന നടത്തുകയും പ്രായപൂർത്തിയായ എല്ലാവരും തങ്ങളുടെ സമ്മതിദാനാവകാശം വിനിയോഗിക്കുകയും വേണം. സമാധാനപൂർവകമായ പൗരജീവിതവും സാമൂഹ്യ സാംസ്കാരിക സാമ്പത്തിക രംഗങ്ങളിൽ വളർച്ചയും രാജ്യത്തെ എല്ലാ വിഭാഗം ജനങ്ങൾക്കുമുണ്ടാകട്ടെ! എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹപൂർവം,

**ആർച്ചുബിഷപ് എം. സൂസ പാക്യം**
പ്രസിഡന്റ്, കെസിബിസി

NB: ഈ സർക്കുലർ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.





Ref: 3180/K-5/KCBC/OL/DS 18.3.2019

## കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന മെയ്ദിന സന്ദേശം 2019

മിശിഹായിൽ പ്രിയസഹോദരീ സഹോദരന്മാരെ, പ്രിയപ്പെട്ട തൊഴിലാളികളെ,

1. നമ്മുടെ ഗുരുവും നാഥനുമായ യേശു, തന്റെ വളർത്തുപിതാവായ വിശുദ്ധ യൗസേപ്പിതാവിനോടൊപ്പം മരപ്പണിശാലയിൽ കായികമായി അദ്ധ്വാനിച്ചും സ്വഭവനത്തിൽ നിരന്തരം മാതാവായ മറിയത്തെ ഗാർഹിക കാര്യങ്ങളിൽ സഹായിച്ചും മീൻപിടുത്തക്കാരായിരുന്ന ശിഷ്യന്മാരോടൊപ്പം പടവുകളിൽ സഞ്ചരിച്ചും തൊഴിലിന്റെ മഹത്വവും മാഹാത്മ്യവും ഉയർത്തിയ രക്ഷകനും വിമോചകനുമാണ്. 2019-ലെ മെയ്ദിനം തൊഴിൽ മേഖലയെപ്പറ്റിയും തൊഴിലിന്റെ ക്രൈസ്തവാഭിമുഖ്യത്തെപ്പറ്റിയും ചിന്തിക്കാനുള്ള ശുഭാവസരം കൂടിയാണ്. അന്താരാഷ്ട്ര തൊഴിലാളിദിനത്തിന്റെ ആശംസകൾ സ്നേഹത്തോടെ ഏവർക്കും നേരുന്നു.

2. "നീതി ജലം പോലെ ഒഴുകട്ടെ, സത്യം ഒരിക്കലും വറ്റാത്ത നീർച്ചാലുപോലെയും" (ആമോ 5:24) എന്ന വചനം ഇന്നത്തെ കാലഘട്ടത്തിൽ ഏറെ പ്രസക്തമായിക്കൊണ്ടിരിക്കുന്നു. സാങ്കേതിക വിദ്യയുടെയും വിജ്ഞാനത്തിന്റെയും പുരോഗതിയുടെയും മാർഗത്തിൽ ചരിക്കുമ്പോഴും എല്ലാ മനുഷ്യരും ആഗ്രഹിക്കുന്നത് സത്യവും നീതിയും സമാധാനവുമാണ്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം ഇവ മൂന്നും ഭരണഘടനയുടെ അടിസ്ഥാന ശിലകളെന്നു എഴുതിവെച്ചിട്ടുള്ള ഒരു ജനാധിപത്യ രാഷ്ട്രത്തിൽ ജീവിക്കുന്നവരിൽ ബഹുഭൂരിപക്ഷവും അടിസ്ഥാനാവശ്യങ്ങൾ പോലും നിറവേറ്റുന്നതിനു ശേഷിയില്ലാത്തവരാണെന്ന തിരിച്ചറിവിനു മുൻപിൽ സ്തബ്ധരായി നില്ക്കുന്ന സാഹചര്യത്തിലാണ് ഒരു തൊഴിലാളി ദിനം കൂടി വന്നണയുന്നത്.

3. നീതിയും മനുഷ്യാവകാശങ്ങളും നിഷേധിക്കപ്പെട്ടു നിരന്തരമായി അടിച്ചമർത്തലിനു വിധേയമാക്കപ്പെട്ട ഒരു തൊഴിലാളി സമൂഹമാണ് "എട്ടുമണിക്കൂർ തൊഴിൽ, എട്ടുമണിക്കൂർ വിനോദം, എട്ടു മണിക്കൂർ വിശ്രമം" എന്ന മുദ്രാവാക്യം മുഴക്കി 1886-ൽ ചിക്കാഗോയുടെ തെരുവോരങ്ങളെ ശബ്ദമുഖരിതമാക്കിയത്. സഹനത്തിന്റെ എല്ലാ പരിധിയും കടന്നുപോയപ്പോൾ രൂപപ്പെട്ട സംഘടിതശക്തിയുടെ ആത്മധൈര്യം മൂലമായിരുന്നു തൊഴിൽചരിത്രത്തിലെ മറക്കാനാവാത്ത ആ മുറ

വിളി ഉയർന്നത്. അതുകൊണ്ടുതന്നെ ഓരോ തൊഴിലാളി ദിനാചരണവും തൊഴിലാളികളോട് ആവശ്യപ്പെടുന്നത്, സംഘടിച്ചു ആത്മധൈര്യമുള്ളവരാകാനും ഉറക്കെ ശബ്ദിക്കുവാനും ഭയം നല്കുന്ന അടിമത്ത്വത്തിൽ നിന്ന് മോചിതരാകുവാനുമാണ്.

4. നമ്മുടെ രാജ്യം നാനാവിധ മേഖലകളിലും അഭൂതപൂർവ്വമായ വളർച്ച നേടിക്കൊണ്ടിരിക്കുകയാണെന്ന കാര്യം സന്തോഷകരമാണ്. വിദ്യാഭ്യാസരംഗത്തും ശാസ്ത്ര-സാങ്കേതികമണ്ഡലങ്ങളിലും വ്യവസായിക-സാമ്പത്തിക രംഗങ്ങളിലുമെല്ലാം ഗണനീയമായ മുന്നേറ്റമുണ്ടായിട്ടുണ്ട്. എന്നാൽ രാജ്യത്തുണ്ടാകുന്ന പുരോഗതിയെ നീതിയോടെയും കരുണയോടെയും എല്ലാവർക്കുമായി വിതരണം ചെയ്യുന്നതിൽ രാജ്യം ദയനീയമായി പരാജയപ്പെടുന്നു എന്നു കൂടി സ്ഥിതിവിവരക്കണക്കുകൾ നമ്മെ മനസ്സിലാക്കിത്തരുന്നുണ്ട്.

5. 2019 ജനുവരി മാസത്തിൽ ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറത്തിന്റെ വാർഷിക സമ്മേളനത്തിൽ ഇന്ത്യയിലെ സാമ്പത്തിക അസന്തുലിതാവസ്ഥയെക്കുറിച്ച് ഓക്സ്ഫാം പുറത്തിറക്കിയ റിപ്പോർട്ട് വളരെ ഗൗരവം നിറഞ്ഞ പരിഗണന അർഹിക്കുന്നു. ഇന്ത്യയിലെ സമ്പത്തിന്റെ മുക്കാൽ പങ്കിലധികം കയ്യടക്കിയിരിക്കുന്നത് മേൽത്തട്ടിലുള്ള പത്തുശതമാനം പേരാണ്. രാജ്യത്തെ പകുതിയിലധികം സ്വത്തും കേവലം ഒരു ശതമാനം വരുന്ന ധനികരുടെ പക്കലാണ് ഉള്ളത്. ഇവർക്ക് കഴിഞ്ഞ ഒരു വർഷക്കാലം കൊണ്ട് 39 ശതമാനം വളർച്ച കൈവരിക്കാനായപ്പോൾ രാജ്യത്തെ താഴെത്തട്ടിലുള്ള പകുതി ജനവിഭാഗത്തിനു എത്തിപ്പിടിക്കാൻ കഴിഞ്ഞ വളർച്ച കേവലം മൂന്നു ശതമാനം മാത്രമാണ്.

അതിവളർച്ചയുടെ ചുരുക്കം ചില പച്ചത്തുരുത്തുകളുടെ സമീപത്ത് ബഹുഭൂരിപക്ഷവും ദാരിദ്ര്യത്തിന്റെ നിലയില്ലാകയങ്ങളിലാണ് കഴിയുന്നത്. രാജ്യത്ത് ആനുപാതിക ദാരിദ്ര്യവും തൊഴിലില്ലായ്മയും വർദ്ധിച്ചുവരുന്നതായിട്ടാണ് വിവിധ സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നത്. അടുത്തിടെ പുറത്തുവന്ന ചില പ്രധാന സർവ്വെകൾ ഇത് ശരിവെയ്ക്കുന്നു. കേന്ദ്രസർക്കാരിന്റെ സ്ഥാപനമായ നാഷണൽ സാമ്പിൾ സർവ്വെ ഓർഗനൈസേഷന്റെ കണക്കുപ്രകാരം 2011-12 ൽ 2.2 ശതമാനം ആയിരുന്ന തൊഴിലില്ലായ്മ, 2017-18ൽ ഗ്രാമപ്രദേശങ്ങളിൽ 6.3 ശതമാനമായും നഗരങ്ങളിൽ 7.8 ശതമാനമായും വർദ്ധിച്ചു. യുവജനങ്ങളുടെ തൊഴിലില്ലായ്മ നിരക്ക് ഭയപ്പെടുത്തുന്നതാണ്. ഗ്രാമങ്ങളിൽ 15.5 ശതമാനം യുവജനങ്ങൾ തൊഴിൽരഹിതരാണ്. നഗരങ്ങളിൽ ഇത്





22.9 ശതമാനം ആണ്. നോട്ടു നിരോധനം വഴിയും ജി.എസ്.ടി യുടെ നടപ്പിലാക്കൽ രീതിയുടെ വൈകല്യം മൂലവും 1.3 കോടി പേർ തൊഴിലിൽ നിന്ന് പുറത്തുപോയെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. ചെറുകിട സംരംഭങ്ങളിൽ 1.1 കോടി പേർക്ക് ഉപജീവനമാർഗം ഇല്ലാതായപ്പോൾ വിലയിടിവും തൊഴിൽ നഷ്ടവും കാർഷികമേഖലയുടെ നടുവൊടിച്ചതായും കണക്കുകൾ വ്യക്തമാക്കുന്നു. ഇത്രയും സ്ഥിതിവിവര ക്കണക്കുകൾ ഉദ്ധരിച്ചത് ഭരണകർത്താക്കൾ നയങ്ങൾ രൂപീകരിക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യുമ്പോൾ അത് ഏറ്റവും താഴെത്തട്ടിലുള്ളവരെ എങ്ങനെ ബാധിക്കുമെന്ന ചിന്തയോടെ വേണം എന്ന് വ്യക്തമാക്കാനാണ്.

6. കഴിഞ്ഞവർഷം കേരളത്തെ ഗ്രസിച്ച മഹാപ്രളയമുൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങൾ കേരളത്തിന്റെ സമ്പത്ത് വ്യവസ്ഥയെ തകർത്തിരിക്കുകയാണ്. ഇതിന്റെ ഏറ്റവും വലിയ ബലിയാടുകൾ കർഷകരുൾപ്പെടെയുള്ള അസംഘടിത തൊഴിലാളികളാണ്. ദുരന്തം സൃഷ്ടിച്ചിട്ടുള്ള ആഘാതത്തിൽ നിന്നു ഇന്നും ഇവർ മോചിതരായിട്ടില്ല. എന്നുമാത്രമല്ല സ്ഥിതിവിശേഷം കൂടുതൽ രൂക്ഷമാകുന്ന അവസ്ഥയിലാണ് എന്നു കൂടി പറയേണ്ടിയിരിക്കുന്നു. ഒരിക്കലും സംഭവിക്കാൻ പാടില്ലാത്ത കർഷക ആത്മഹത്യകൾ കേരളത്തിൽ ഉണ്ടായി എന്നത് അതീവ ഗൗരവമുള്ള കാര്യമാണ്. ഇതൊരിക്കലും ആവർത്തിക്കാതിരിക്കാനുള്ള സമാശ്വാസ നടപടികൾ സർക്കാർ, സന്നദ്ധസംഘടനകൾ, മതസമൂഹങ്ങൾ, സാമൂഹിക സംഘടനകൾ തുടങ്ങിയ വിവിധ തലത്തിലുള്ളവരുടെ നേതൃത്വത്തിൽ അടിയന്തിരമായി ഉണ്ടാകേണ്ടിയിരിക്കുന്നു. 2019 വർഷത്തേക്കു ബാങ്കുകളുടെ ജപ്തി നടപടികൾ സർക്കാർ ഇടപെട്ടു നിർത്തിവെച്ചിട്ടുള്ളത് ആശ്വാസകരമാണ്. എന്നാൽ ഇതു പ്രാഥമിക നടപടി മാത്രമാണ്. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുള്ളവരുടെ കാര്യം കൂടി പരിഗണിക്കപ്പെടണം. എല്ലാത്തരം വായ്പകളും പൂർണ്ണമായും എഴുതിത്തള്ളാൻ സർക്കാർ തയ്യാറാകണം. ഉരുൾ പൊട്ടൽ, പ്രളയം എന്നിവ മൂലം നഷ്ടപ്പെട്ടിട്ടുള്ള കൃഷിഭൂമി, തൊഴിൽ ഉപകരണങ്ങൾ എന്നിവ ഇവർക്ക് എത്രയും വേഗത്തിൽ സംലഭ്യമാക്കപ്പെടണം.

മഹാപ്രളയത്തിൽ രക്ഷകരായി കടന്നുവന്ന മത്സ്യത്തൊഴിലാളികളെ ആദരപൂർവ്വം നോക്കിക്കാണുന്നു. എന്നാൽ ഓഖി ദുരന്തവുമായി ബന്ധപ്പെട്ടു അവർക്കായി വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള പദ്ധതികളിൽ സിംഹഭാഗവും ഇന്നും പ്രഖ്യാപനം മാത്രമായി ഒതുങ്ങുന്നു എന്നത് ഖേദ

കരമാണ്. എത്രയും വേഗത്തിൽ ഇവ പൂർത്തിയാക്കാൻ വേണ്ട നടപടികൾ അധികാരികൾ സ്വീകരിക്കേണ്ടതാണ്.

7. കേരളത്തിൽ അടിക്കടിയുണ്ടാകുന്ന രാഷ്ട്രീയ അക്രമങ്ങളിൽ ജീവൻ നഷ്ടപ്പെട്ടതിൽ ഏതാണ്ട് മുഴുവൻ പേരും അസംഘടിതമേഖലയിലെ തൊഴിലാളികളും ദരിദ്ര കുടുംബങ്ങളിലെ അംഗങ്ങളുമാണെന്ന് കാണാം. ചുരുക്കത്തിൽ തെറ്റായ നയങ്ങളും തീരുമാനങ്ങളും പ്രകൃതി ദുരന്തങ്ങളും രാഷ്ട്രീയ സംഘട്ടനങ്ങളുമെല്ലാം അടിസ്ഥാന വിഭാഗത്തിന്റെയും അസംഘടിത തൊഴിലാളികളുടെയും ജീവിതത്തെയും ജീവിത സാഹചര്യങ്ങളെയുമാണ് തകർത്തെറിയുന്നത്. ഈ സത്യം മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും മാധ്യമങ്ങളും കാണാതെ പോകരുത്. കാരണം അരക്ഷിതാവസ്ഥയിൽ അകപ്പെട്ടു പോകുന്ന യുവത്വം വഴിവിട്ട ധനാഗമ മാർഗങ്ങളിലേക്കും തീവ്രവാദത്തിലേക്കുമെല്ലാം തിരിഞ്ഞെന്ന് വരാം. ഇത് രാജ്യത്തിന്റെ വികസനത്തെയും സുസ്ഥിതിയെയും ബാധിക്കും.

8. ഇവിടെയാണ് തൊഴിലാളി പ്രസ്ഥാനങ്ങളുടെയും ട്രേഡ് യൂണിയനുകളുടെയും പ്രസക്തിയും പ്രാധാന്യവും വർധിക്കുന്നത്. അസംഘടിത തൊഴിലാളികളുടെ അവകാശസംരക്ഷണത്തിനും അവർക്ക് നീതി ഉറപ്പാക്കി കൊടുക്കുന്നതിനും കേന്ദ്ര ട്രേഡ് യൂണിയനുകൾ വേണ്ടത്ര പരിഗണന നല്കണം. കക്ഷി രാഷ്ട്രീയ താത്പര്യങ്ങൾ മാറ്റിവെച്ചു തൊഴിലാളികളുടെയും രാജ്യത്തിന്റെയും താത്പര്യങ്ങൾ സംരക്ഷിക്കാൻ ട്രേഡ് യൂണിയനുകൾ ഐക്യത്തോടെ മുന്നോട്ടു വരേണ്ടിയിരിക്കുന്നു. രാജ്യത്തെ തൊഴിൽ നിയമങ്ങൾ ക്രോഡീകരിക്കാനുള്ള ശ്രമങ്ങൾ സമാരംഭിക്കപ്പെട്ടിട്ടുള്ള ഇക്കാലത്ത്, നിർദ്ദിഷ്ട പരിഷ്കാരങ്ങൾ പലതും തൊഴിലാളി താത്പര്യസംരക്ഷണത്തേക്കാൾ മുതൽമുടക്കുന്നവരുടെ താത്പര്യ സംരക്ഷണത്തിനാണ് മുൻതൂക്കം നല്കിയിട്ടുള്ളതെന്ന ആക്ഷേപം വ്യാപകമാണ്. നിലവിൽ തൊഴിലാളികൾ അനുഭവിച്ചുവരുന്ന പല ആനുകൂല്യങ്ങളും നഷ്ടമാകുമെന്ന പരാതിയും ഉയരുന്നുണ്ട്. ഈ സവിശേഷ സാഹചര്യത്തിൽ പടല പിണക്കങ്ങളും സങ്കുചിതമായ കക്ഷിതാത്പര്യങ്ങളും ഒഴിവാക്കി രാജ്യത്തെ ട്രേഡ് യൂണിയനുകൾ ഒന്നിച്ചു വരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. മെയ് ദിനം പങ്കുവെയ്ക്കുന്ന സന്ദേശവും അതു തന്നെയാണല്ലോ.

9. ഇന്ത്യയിലെ തൊഴിൽ ശക്തിയിൽ 93 ശതമാനം പേരും അസംഘടിത തൊഴിലാളികളാണ്. നിയമ പരിരക്ഷ, തൊഴിൽ സംരക്ഷണം, സാമൂഹിക സുരക്ഷ എന്നിവ ലഭിക്കാത്ത തൊഴിലാളികളെയാണ് അസം





ഘടിത തൊഴിലാളികൾ എന്ന് വിളിക്കുന്നത്. സ്വാഭാവികമായും ഇവർ സംഘടിതരുമല്ല. ഇതുമൂലം സ്വാധീനശക്തിയും വിലപേശൽ ശക്തിയും ഈ വിഭാഗത്തിനു തീരെ കുറവാണ്. അതുകൊണ്ട് ന്യായമായ അവകാശങ്ങളും ആനുപാതികമായ വികസന വിഹിതവും ഇവർക്കു നിഷേധിക്കപ്പെടുന്നു. അഞ്ച് ഏക്കർ വരെ കൃഷിഭൂമി സ്വന്തമായുള്ള ചെറുകിട നാമമാത്ര കർഷകരെയും അസംഘടിത തൊഴിലാളികൾ എന്ന വിഭാഗത്തിലാണ് കേന്ദ്രസർക്കാർ ഉൾപ്പെടുത്തിയിരിക്കുന്നത്. രാജ്യത്തിന്റെ മൊത്ത വരുമാനത്തിൽ 65 ശതമാനവും സംഭാവന ചെയ്യുന്നത് ഈ വിഭാഗമാണ്. എന്നാൽ കേന്ദ്ര-സംസ്ഥാന ബഡ്ജറ്റുകളിൽ ഇവർക്കായി നീക്കിവെക്കപ്പെടുന്നത് നാമമാത്ര തുകയാണ്.

10. മാറി മാറി വരുന്ന സർക്കാരുകൾ തങ്ങളുടെ രാഷ്ട്രീയ കാഴ്ചപ്പാടുകൾക്കനുസരിച്ച് അസംഘടിത തൊഴിലാളികളുടെ പ്രഖ്യാപിത പദ്ധതികളിൽ ഇടയ്ക്കിടെ മാറ്റങ്ങൾ വരുത്തുകയും ഒരേ സർക്കാർ തന്നെ ആദ്യം സമാരംഭിച്ച പദ്ധതികൾ യാതൊരു മുന്നറിയിപ്പുമില്ലാതെ പിൻവലിക്കുകയും പുതിയവ അവതരിപ്പിക്കുകയും ചെയ്യുന്നുമുണ്ട്. വിലവർധനവും കാലാവസ്ഥാ വ്യതിയാനവും പകർച്ച വ്യാധികളുമെല്ലാം ജീവിതത്തെ വരിഞ്ഞു മുറുക്കുമ്പോഴും അവയെ അതിജീവിക്കാനുള്ള സമഗ്രമായ പദ്ധതികൾ കാര്യമായി ഇല്ലെന്നു മാത്രമല്ല പേരിനുമാത്രം ഉള്ളതിന്റെ തുടർച്ചയും ഇല്ലാതാകുന്നുവെന്നത് ഉത്കണ്ഠാജനകമാണ്. അന്താരാഷ്ട്ര തൊഴിലാളി സംഘടനയുടെ നിർദ്ദേശാനുസരണം വികസിത രാഷ്ട്രങ്ങളിൽ ഉള്ളതുപോലെ എല്ലാ തൊഴിലാളികൾക്കുമായി സാർവ്വത്രിക സാമൂഹിക സുരക്ഷാപദ്ധതികൾ ആവിഷ്ക്കരിക്കപ്പെടേണ്ടതാണ്.

11. കത്തോലിക്കാസഭ എന്നും തൊഴിലാളികൾക്കും സമൂഹത്തിലെ അടിസ്ഥാന ജനത്തിനുമൊപ്പം നീതിയുടെയും ധാർമ്മികതയുടെയും സ്വരമായി നിലനിന്നിട്ടുണ്ട്. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷനും അതിന്റെ ഔദ്യോഗിക സംഘടനയായ കേരള ലേബർ മൂവ്മെന്റും വഴിയാണ് കേരള സഭയുടെ തൊഴിലാളി സംഘാടന പ്രവർത്തനങ്ങൾ നടന്നുവരുന്നത്. സി. ബി സി ഐ ലേബർ കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ സംസ്ഥാന ഘടകമാണ് കെ.എൽ.എം. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിക്കുന്ന വിവിധ പദ്ധതികളിൽ തൊഴിലാളികളെ ഗുണഭോക്താക്കളാക്കുക, ക്ഷേമനിധികളിൽ അംഗത്വം എടുക്കാൻ സഹായിക്കുക, പെൻഷൻ പദ്ധതികളിൽ പങ്കാളികളാക്കുക, വിദഗ്ധ

തൊഴിൽ പരിശീലനം നല്കുക, ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സഹായം നല്കുക, ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളെ പ്രയോജനപ്പെടുത്താൻ പ്രാപ്തരാക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് കെ.എൽ.എം. പ്രധാനമായും ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്. തൊഴിലാളികളുടെ സാമൂഹിക നേതൃത്വം വളർത്താനുള്ള പ്രവർത്തനങ്ങളും കെ.എൽ.എം ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നു. അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനുമായി എട്ട് തൊഴിലാളി ഫോറങ്ങൾ കെ.എൽ.എം-ന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. അസംഘടിത മേഖലയിലെ പ്രധാന തൊഴിൽ വിഭാഗങ്ങളായ മത്സ്യത്തൊഴിലാളികൾ, നിർമ്മാണ തൊഴിലാളികൾ, ഗാർഹികതൊഴിലാളികൾ, കർഷകതൊഴിലാളികൾ, ചെറുകിട തോട്ടം തൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, മോട്ടോർ വാഹനത്തൊഴിലാളികൾ, പീടിക തൊഴിലാളികൾ എന്നീ വിഭാഗങ്ങളുടെ സംഘാടന പ്രവർത്തനങ്ങളിലാണ് പ്രധാനമായും കെ.എൽ.എം ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമകാര്യങ്ങളിലും പ്രവർത്തിക്കുന്നുണ്ട്.

12. സഭാസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നിയമാനുസൃതമുള്ള സേവന വേതനവ്യവസ്ഥകളും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നുണ്ടെന്ന് സ്ഥാപനാധികാരികൾ ഉറപ്പാക്കണം. സംതൃപ്തരായ തൊഴിലാളികൾ ആണ് സ്ഥാപനത്തിന്റെ മൂലധനം. നിന്റെ സമ്പത്ത് നിന്റെ സഹോദരനുമായി പങ്കുവെയ്ക്കലാണ് നിത്യജീവൻ നേടാൻ വേണ്ടതെന്നും (ധനവാനും ലാസറും, ലൂക്കാ 16:19-31) അധ്വാനം കൊണ്ടു തൊഴിലെടുക്കുന്നവന്റെ ആവശ്യങ്ങൾ നിറവേറ്റാനുള്ളത് നല്കണമെന്നും (മുന്തിരിത്തോട്ടത്തിലെ തൊഴിലാളികൾ, മത്തായി 20:1-16) പുതിയ നിയമത്തിൽ ക്രിസ്തു അവതരിപ്പിച്ച ദർശനം നടപ്പിൽ വരുത്താൻ സഭാനേതൃത്വത്തിനും വിശ്വാസി സമൂഹത്തിനും ഉത്തരവാദിത്വമുണ്ട്. കേരളത്തിലെ സഭാസ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ക്രമപ്പെടുത്തുന്നതിനായി കെസിബിസി രൂപപ്പെടുത്തിയിട്ടുള്ള പീപ്പിൾ മാനേജ്മെന്റ് പോളിസി (മനുഷ്യ വിഭവ നയം) നടപ്പിലാക്കാൻ വേണ്ട ഒത്താശകൾ നല്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത് കെ.എൽ.എം നെയാണ്. കേരളത്തിലെ എല്ലാ രൂപതകളും സന്യാസസമൂഹങ്ങളും തങ്ങളുടെ നേതൃത്വത്തിലുള്ള വിവിധ സ്ഥാപനങ്ങളിൽ പീപ്പിൾ മാനേജ്മെന്റ് പോളിസി സമയ ബന്ധിതമായി





നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തൊഴിലാളികളെ ചൂഷണം ചെയ്യുന്നതും അവർക്ക് പെൻഷൻ ഉൾപ്പെടെയുള്ള സാമൂഹിക സുരക്ഷാസംവിധാനങ്ങൾ ഏർപ്പെടുത്താതിരിക്കുകയും ചെയ്യുന്നത് മാരകപാപമാണെന്നാണ് ഫ്രാൻസീസ് പാപ്പ ഉദ്ബോധിപ്പിക്കുന്നത്. (പ്രസംഗം, സാന്താ മാർത്ത, മാർച്ച് 8, 2019).

13. കേരളത്തിലെ എല്ലാ രൂപതകളിലും കെ.എൽ.എം സംഘടനാ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിലും ചിലയിടങ്ങളിൽ സജീവമല്ല. എല്ലാ ഇടവകകളിലും കെ.എൽ.എം പ്രവർത്തനങ്ങൾ ആരംഭിക്കാൻ ശ്രദ്ധിക്കണം. ബഹുമാനപ്പെട്ട വികാരിമാർ അതിന് മുൻകൈ എടുക്കണമെന്നും അഭ്യർത്ഥിക്കുകയാണ്. അതുപോലെ തന്നെ സന്യാസ സമൂഹങ്ങൾ തൊഴിലാളി ശക്തീകരണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നല്കണം. സമകാലിക സാമൂഹിക സാഹചര്യത്തിൽ തൊഴിലാളി ശുശ്രൂഷയ്ക്കു വലിയ പ്രാധാന്യവും പ്രസക്തിയുമുണ്ടെന്ന കാര്യം ആരുംതന്നെ വിസ്മരിക്കരുത്.

14. തൊഴിൽ ചെയ്യുക വഴി ദൈവത്തിന്റെ സൃഷ്ടികർമ്മത്തിലും രക്ഷാകർമത്തിലും പങ്കുചേരുകയാണു ഓരോ തൊഴിലാളിയും ചെയ്യുന്നതെന്നാണ് സഭ പഠിപ്പിക്കുന്നത്. (സഭയുടെ സാമൂഹിക പ്രബോധനം 263) അതായത് മഹത്വവും ഉത്തരവാദിത്തവും നിറഞ്ഞ ചുമതലയാണ് തൊഴിൽ ചെയ്യുന്നവർ നിർവ്വഹിക്കുന്നതെന്ന് ഓർക്കണം. ആത്മാർത്ഥതയോടെയും സത്യസന്ധതയോടെയും കൂടി തൊഴിൽ ചെയ്യുവാൻ എല്ലാ തൊഴിലാളികളെയും ആഹ്വാനം ചെയ്യുന്നു. തൊഴിലാളി മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ മാധ്യസ്ഥ സഹായം നമുക്ക് ധാരാളമായി ഉണ്ടാകട്ടെയെന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ബിഷപ്പ് അലക്സ് വടക്കുംതല**
(ചെയർമാൻ കെസിബിസി ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോസ് പുത്തൻ വീട്ടിൽ**
(വൈസ് ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ)

**ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ)

NB: 2019 ഏപ്രിൽ 28-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.

## രൂപതക്കച്ചേരി

### C. 33/2019 വി. മൂറോൻ

ഓശാന കഴിഞ്ഞുവരുന്ന തിങ്കളാഴ്ച (15.04.2019) രൂപതയിലെ എല്ലാ വൈദികരും കോതമംഗലം കത്തീഡ്രൽ ദൈവാലയത്തിൽ ഒരുമിച്ച് ചേർന്ന് ഉയിർപ്പുതിരുനാളിനുള്ള ആത്മീയ ഒരുക്കവും വി. മൂറോൻ വെഞ്ചരിപ്പും നടത്തുന്ന കാര്യം ഓർമ്മപ്പെടുത്തുകയാണ്. അന്നേ ദിവസം രാവിലെ 10.00 മണിക്ക് ധ്യാനചിന്തകളും അതേത്തുടർന്ന് 10.30 മുതൽ കുമ്പസാരത്തിനുള്ള അവസരവും ഉണ്ടായിരിക്കും.11.30-ന് ആഘോഷമായ ദിവ്യബലിയോടുകൂടിയാണ് വി. മൂറോൻ വെഞ്ചരിപ്പ് നടത്തുന്നത്. ഇടവകയിലെ കുമ്പസാരത്തിന്റെ സമയം ക്രമീകരിക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കുമല്ലോ. പള്ളികളിൽ കൊണ്ടുപോയി പൂജ്യമായി സൂക്ഷിക്കുന്നതിനുള്ള വി. മൂറോൻ ഏപ്രിൽ 20-ാം തീയതി ശനിയാഴ്ച മുതൽ രൂപതക്കച്ചേരിയിൽ ലഭ്യമായിരിക്കും.

*Bishop*

### C. 34/2019 രൂപതാ പ്രാർത്ഥനാദിനം

ഏപ്രിൽ മാസത്തിലെ രൂപതാ പ്രാർത്ഥനാദിനം മൂവാറ്റുപുഴ ഹോളി മാഗി പള്ളിയിൽ വച്ച് ഏപ്രിൽ 5-ാം തീയതി വെള്ളിയാഴ്ച നടത്തുന്നു. രാവിലെ 6.30-ന് വി. കുർബാനയോടുകൂടി ആരാധന ആരംഭിക്കുന്നതും വൈകിട്ട് 4.00 pm മുതൽ 5.00 pm വരെ പൊതു ആരാധനയോടെ അവസാനിക്കുന്നതുമാണ്. 5.00 pm-ന് അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ സമൂഹബലി അർപ്പണത്തോടെ പ്രാർത്ഥനാദിനം സമാപിക്കും.

*Protosyncellus*

### C. 35/2019 അഭിവന്ദ്യ പിതാക്കന്മാർക്കും വൈദികർക്കും തിരുനാൾ മംഗളങ്ങൾ

വി. ഗീവർഗീസിന്റെ നാമധാരികളായ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിനും മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിനും വൈദികർക്കും തിരുനാൾ മംഗളങ്ങൾ നേരുന്നതിനായി രൂപതയിലെ മുഴുവൻ വൈദികരും സന്യാസസമൂഹങ്ങളുടെ പ്രൊവിൻഷ്യൽസ്/ പ്രതിനിധികൾ, ഭക്തസംഘടനകളുടെ പ്രസിഡന്റുമാർ, പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരും പങ്കെടുക്കുന്ന മീറ്റിംഗ് 2019 ഏപ്രിൽ 24-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് മൂവാറ്റുപുഴ NESTT-ൽ വച്ച് നടക്കുന്നു. അഭിവന്ദ്യ പിതാക്കന്മാർക്കും വൈദികർക്കും നാമഹേതുക തിരുനാളിന്റെ മംഗളങ്ങൾ നേരുന്നതിനായുള്ള മീറ്റിംഗിലേയ്ക്കും തുടർന്നുള്ള സ്നേഹവിരുന്നിലേയ്ക്കും മേല്പറഞ്ഞ എല്ലാവരെയും സ്നേഹപൂർവം ക്ഷണിക്കുന്നു. അന്നേ ദിവസം രൂപതാവൈദികരുടെ പ്രത്യേക സമ്മേളനം രാവിലെ 10.30 മുതൽ 11.30 വരെ മൂവാറ്റുപുഴ നെസ്റ്റിൽ നടക്കുന്നു. ബഹു. വൈദികരെല്ലാവരും ഇതിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.





*Protosyncellus*

### C. 36 /2019 Care A Family Benefactors' Meet

കെയർ എ ഫാമിലി കുടുംബ ക്ഷേമ പദ്ധതിയിലെ Benefactors-ന്റെ സംഗമം 2019 ഏപ്രിൽ 13, ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.00 മണിക്ക് മൂവാറ്റുപുഴ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നു. ഇക്കാര്യം പള്ളിയിൽ അറിയിച്ച് Benefactors- നെ പ്രസ്തുത മീറ്റിംഗിലേക്ക് പറഞ്ഞയയ്ക്കുവാൻ ബഹു. വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ.

*Protosyncellus*

### C. 37/2019 മ്ശംശാന പട്ട സ്വീകരണം

നമ്മുടെ രൂപതക്കുവേണ്ടി വൈദിക പരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന കോതമംഗലം കത്തീഡ്രൽ ഇടവക ഇടത്തല ജോർജ്, കാളിയാർ ഇടവക കൊച്ചുപുത്തൻപുരയിൽ ജോസഫ്, മുതലക്കോടം ഇടവക കുന്നത്ത് സ്കറിയ, വാഴക്കുളം ഇടവക നെടുങ്ങാട്ട് ജോർജ്, അരിക്കുഴ ഇടവക നെടുംപുറത്ത് സെബാസ്റ്റ്യൻ, നെടുങ്ങപ്ര ഇടവക പാറേമ്മാൻ പീറ്റർ, വടാട്ടുപാറ ഇടവക മത്തിൽ ജോസഫ്, കാവക്കാട് ഇടവക വടക്കേടത്ത് ജോസഫ്, കാവക്കാട് ഇടവക വള്ളോംകുന്നേൽ ജോസഫ്, പൈങ്ങോട്ടൂർ ഇടവക വെള്ളാംകുന്നേൽ എമ്മാനുവേൽ എന്നിവർ 2019 ഏപ്രിൽ 16-ാം തീയതി രാവിലെ 10.30-ന് കോതമംഗലം കത്തീഡ്രലിൽ വച്ച് മ്ശംശാന പട്ടം അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിൽ നിന്നും സ്വീകരിക്കുന്നു. ഇവർക്ക് വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

*Syncellus*

### C. 38/2019 ഓഡിറ്റിംഗ് 2018 - 2019

തീയതി - **2019 ഏപ്രിൽ 30, മെയ് 2, 3**

(ചൊവ്വ, വ്യാഴം, വെള്ളി ദിവസങ്ങൾ)

സ്ഥലം - **നിർമ്മല കോളേജ്** കമ്പ്യൂട്ടർ ലാബ്, മൂവാറ്റുപുഴ
സമയം - രാവിലെ 09.30 **മുതൽ** വൈകുന്നേരം 04.30 **വരെ**

**ഓഡിറ്റിംഗ് ദിവസ ക്രമീകരണം**

**2019 ഏപ്രിൽ 30 ചൊവ്വ**

**ആരക്കുഴ, കാളിയാർ, മൈലക്കൊമ്പ്, മുതലക്കോടം, കരിമണ്ണൂർ** ഫൊറോനകളിലെ പള്ളികൾ

**2019 മെയ് 2, വ്യാഴം**

**കോതമംഗലം, മാറിക, ഊന്നുകൽ** ഫൊറോനകളിലെ പള്ളികൾ

**2019 മെയ് 3 വെള്ളി**

**മൂവാറ്റുപുഴ, പൈങ്ങോട്ടൂർ, തൊടുപുഴ, വാഴക്കുളം** ഫൊറോന കളിലെ പള്ളികൾ

NB: ഓരോ ദിവസത്തേയും സമയക്രമീകരണം ബഹു. വൈദികർ തമ്മിൽ ക്രമീകരിച്ചാൽ ഉപകാരമാണ്. ഒരുമിച്ചുവന്നാൽ ബുദ്ധിമുട്ടാകുമല്ലോ.

2019 **സെപ്റ്റംബറിൽ** എല്ലാ പള്ളികളിലേയും **റിട്ടേൺ** ഫയൽ ചെയ്യേതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ **12 A രജിസ്ട്രേഷൻ** നഷ്ടമാകുന്നതാണ്. കാപ്പൻ സാറിന്റെ ഓഫീസിൽ നിന്നും ഓരോ പള്ളികളായി ഓഡിറ്റിംഗ് നടത്തുവാൻ സാധിക്കുകയില്ല എന്ന് അറിയിച്ചിട്ടു്. ആയതിനാൽ പൊതു ഓഡിറ്റിംഗിൽ **നിർബന്ധമായും** പങ്കെടുക്കേതാണ്. അസൗകര്യമുാകുന്ന പള്ളികൾ മറ്റൊരു പള്ളിയുമായി പരസ്പരം സമയക്രമീകരണം നടത്തേതാണ്. **ഓഡിറ്റിംഗ് സംബന്ധമായി സർക്കാരിൽ നിന്ന് എന്തെങ്കിലും വിശദീകരണം ആവശ്യപ്പെട്ടാൽ കാപ്പൻ സാറിന്റെ ഓഫീസുമായി ബന്ധപ്പെട്ടേ വിശദീകരണം നൽകാവൂ**. ഓഡിറ്റിംഗിനായി ബഹു. വികാരിയച്ചനും കൈക്കാരന്മാരും അക്കൗണ്ടും താഴെ പറയുന്ന രേഖകൾ സഹിതം വരേതാണ്.

1. നാൾവഴി (Cash Book - Bound Computer Copy)
2. പേരേട് (Ledger - Bound Computer Copy)
3. ട്രയൽ ബാലൻസ് (Trial Balance - Computer Copy)
4 Receipts & Payments generated from the system
5. 2018 - 2019 ലെ ബിൽസ് & വൗച്ചേഴ്സ് (Bills & Vouchers)
6. സ്ഥിരനിക്ഷേപ രസീതുകളുടെ കോപ്പി (കാലാവധി കഴിഞ്ഞതാണെങ്കിൽ പുതുക്കിയത്), ബാങ്കിലെ സ്ഥിരനിക്ഷേപങ്ങളുടെ ബാലൻസ് കൺഫർമേഷൻ സർട്ടിഫിക്കറ്റ് (മാർച്ച് 31 പ്രകാരം, മാനേജർ സാക്ഷ്യപ്പെടുത്തിയത്).
7. ബാങ്കിലെ SB നിക്ഷേപങ്ങളുടെ ബാലൻസ് കൺഫർമേഷൻ സർട്ടിഫിക്കറ്റ് (മാർച്ച് 31 പ്രകാരം, മാനേജർ സാക്ഷ്യപ്പെടുത്തിയത്). ബാങ്കുകളിലെ SB നിക്ഷേപങ്ങളുടെ പാസ്സ് ബുക്ക് (മാർച്ച് 31 വരെയുള്ളവ രേഖപ്പെടുത്തി)
8. 2017-2018 ലെ ഓഡിറ്റ് സ്റ്റേറ്റുമെന്റുകളുടെ കോപ്പി
9. ബഹു. വികാരിയച്ചന്റെയും കൈക്കാരൻമാരുടെയും പാൻ, ആധാർ എന്നിവയുടെ കോപ്പി.
10. തിരട്ട് ബുക്ക്

**തിരട്ട് രൂപതാകേന്ദ്രത്തിൽ നൽകുമ്പോൾ ഹാജരാക്കേവ**

1. തിരട്ട് ബുക്ക് (Thirattu Book)
2. നാൾവഴി (Cash Book - Bound Computer Copy)
3. പേരേട് (Ledger - Bound Computer Copy)
4. ഓഡിറ്റ് റിപ്പോർട്ട് (Audit Report)
5. 2018-19 ലെ കണക്ക് കംപ്യൂട്ടറിൽ ചെയ്ത പ്രോഗ്രാമിന്റെ ഒരു കോപ്പി സി. ഡി./പെൻഡ്രൈവിൽ തരേതാണ്. (master.mdb file)

**NB**: 1. ആത്മകാര്യം ഉള്ള പള്ളികൾ ടി ഇനം തിരട്ട് ഹാജരാക്കേതാണ്.

2. ഓഡിറ്റിംഗിനു ശേഷമാണ് കണക്കുകൾ ഹാജരാക്കേത്.

3. തിരട്ട് തയ്യാറാക്കുമ്പോൾ പൊതുയോഗ തീരുമാനം, പുതിയ കൈക്കാരന്മാരുടെ പേര്, തിരട്ടിനം നൽകിയ തുക, നടപ്പു സാമ്പത്തിക വർഷത്തെ (2018-19) കണക്കുകൾ പൊതുയോഗത്തിൽ അവതരിപ്പിച്ച് പാസാക്കിയത്, etc. ചേർത്തിരിക്കേതും തിരട്ടിന്റെ അവസാനഭാഗത്ത് ബഹു. വികാരിയും കൈക്കാരന്മാരും പൊതുയോഗാംഗങ്ങളും പേരെഴുതി ഒപ്പ് വയ്ക്കേതുമാണ്.

NB: Helpline: Diocesan Account Office (Baby Sir: 9447773176)
Kappen's Office: 04862 224416, 04862 227088

Helpline for Computer Accounting:
Jobin Paruthumplackal, Vannappuram, 9947721351
George Jose Kadambanatt, Kadavoor, 9605898580

*Procurator*

## Pr.C. 1/2019 Report of the Presbyteral Council held on Tuesday, December 18, 2018

An ordinary meeting of the Presbyteral Council was held on Tuesday, December 18, 2018 at the Bishop's House, Kothamangalam. H.E. Bishop Mar George Madathikandathil presided over the meeting. Thirty three members participated. The meeting started with a prayer at 10.00 a.m. V. Rev. Msgr. George Oliapuram welcomed the participants. The secretary read out the report. Modifications suggested by the members regarding clergy-laity relationships in the report were accepted. It was agreed that 1) the main points of the discussions may be recapitulated at the end of the meeting and that 2) the draft report shall be discussed in the executive committee before publishing it in the diocesan bulletin. Then the distribution of flood relief fund was explained by the Procurator. The offer of around four acres of land at Avolichal by Fr.Emmanuel Vattakuzhy came for discussion. The meeting was in favour of accepting the offer. But the terms and conditions must be discussed in the Presbyteral Council before finalizing the deed. The celebration of feasts in the parishes and religious houses in the eparchy was also discussed in the council. In this connection it was observed that religious houses in the eparchy may follow the directions given from the eparchial curia especially regarding public feasts and processions in religious houses. The particular case of feast celebrations at the Carmel Monastery at Vazhakulam came up in the discussions. It was suggested that its modalities are to be finalized after consultation between the Prior of the monastery and the local parish priest. The proposal to limit the number of processions in parishes needs to be further discussed in the Pastoral Council.

The president spoke of a spiritual approach with special emphasis on the care of children and youth. There is need to have fresh initiatives to improve the agricultural sector. The overall spiritual orientation of pastoral ministry is the need of the time.





Second session of the Council was fully dedicated to the presentation of accounts by different departments and institutions of the eparchy. Rev. Fathers Joseph Nellikunnel, Mathew Konickal and Mathew Pittappillil were elected as the representatives to the pastoral council. Rev. Dr. Thomas Pothanamuzhy gave Christmas greetings and V.Rev.Msgr. Cherian Kanjirakompil gave vote of thanks. The meeting concluded by 1.45 PM

*Secretary*

## Pr.C. 2/2019 Meeting of the Presbyteral Council

An ordinary meeting of the Presbyteral Council will be held on **Monday, 2019 April 08, from 10.00 am to 1.00 pm** at the Bishop's House. The members are cordially invited.

Topics to be included in the Agenda may be sent to the secretary before 2019 April 6.

*Secretary*

## PC. 3/2019 Meeting of the Pastoral Council

An ordinary meeting of the Pastoral Council will be held on **Saturday, 2019 April 27, from 10.00 am to 1.00 pm** at the Bishop's House. The members are cordially invited.

Topics to be included in the Agenda may be sent to the secretary before 2019 April 20.

*Secretary*

## JS. 3/2019 ജൂബിലി സ്മാരക സ്കോളർഷിപ്പ്

മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക സ്കോളർഷിപ്പിനുവേണ്ടി അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരുവിവരം ബഹു. വികാരിയച്ചന്മാർ താഴെ പറയുന്ന വിലാസത്തിൽ 2019 ഏപ്രിൽ 30-ാം തീയതിയ്ക്കകം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വിശദവിവരങ്ങൾക്ക് മാർച്ച് മാസം ദൈവരാജ്യം കാണുക.

The Secretary, Bishop Mar George Punnakottil Episcopal Silver Jubilee Memorial Education Society, Bishop's House, P.B. No. 6, Kothamangalam - 686 691 Tel : 0485 -2862236

*Chancellor*

## മൈനർ സെമിനാരി

*MS. 11/2019* **ദൈവവിളി ക്യാമ്പ്**

2019 മാർച്ച് 30, 31 തീയതികളിൽ മൈനർ സെമിനാരിയിൽ വച്ച് ദൈവവിളി ക്യാമ്പ് നടന്നു. ക്യാമ്പിലേക്ക് കുട്ടികളെ പറഞ്ഞയച്ച എല്ലാ അച്ചന്മാർക്കും സിസ്റ്റേഴ്സിനും ഹൃദയപൂർവ്വം നന്ദി.

*MS. 12/2019* **അവധിക്കാല ധ്യാനം**

